

VALLATHOL EDUCATIONAL TRUST

# വൈദികപാരമ്പര്യവും സാമൂഹികൈക്യവും



കെ.എ. രവീന്ദ്രൻ

സമാഹരണം
കടവല്ലൂർ അന്യോന്യപരിഷത്ത്

Scanned by CamScanner

# വൈദികപാരമ്പര്യവും സാമൂഹികൈക്യവും



പ്രസാധനം

**കെ.എ. രവീന്ദ്രൻ**

2015 ലെ കടവല്ലൂർ അന്യോന്യത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ദേശീയസെമിനാറിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളുടെ സമാഹാരം. വേദകാല-തദനന്തരകാലകൃതികളിൽ നിഴലിക്കുന്ന സാമൂഹ്യബോധത്തെക്കുറിച്ച് വിശദമായ ചർച്ചക്ക് പരിസരമൊരുക്കുന്ന ലേഖനങ്ങൾ ഉൾക്കൊള്ളുന്നു.

മാനവികബോധത്തേയും സാമൂഹ്യജീവിതത്തേയും കുറിച്ച് ചിന്തിച്ച പില്ക്കാലപണ്ഡിതന്മാരുടെ കാഴ്ചപ്പാടുകളും ചർച്ചചെയ്യുന്നു.

സമാഹരണം

**കടവല്ലൂർ അന്യോന്യപരിഷത്ത്**

**വള്ളത്തോൾ വിദ്യാപീഠം**
ശുകപുരം,
എടപ്പാൾ 679 576

വിതരണം:
**നാഷണൽ ബുക്ക് സ്റ്റാൾ**
കോട്ടയം

ISBN 978-93-83570-70-6
9 789383 570706 >

Scanned by CamScanner

Malayalam

**Vaidikaparamparyavum Samoohikaikyavum**

**Vedic Tradition and Social Harmony**

by Dr. K.A. Ravindran
Associate Professor, Dept. of Sanskrit-Sahitya
Co-ordinator, Centre for Sanskrit-Vedic Studies
Sree Sankaracharya University of Sanskrit
Kalady, Eranakulam. Dt., Kerala

Compiled by: Kadavallur Anyonyaparishath

Publishers:
**VALLATHOL VIDYAPEETHAM**
Sukapuram. P.O., Edapal, Malappuram. Dt., 679 576 Kerala
www.vallatholtrust.org, e-mail : vallatholtrust@gmail.com
Ph: 0494-2680410, 2680420
First Published March 2017
Type Settings: Agni IT Solutions, Kunnamkulam
Cover Design: K.P. Binukumar
Printing : Premier Printers, Calicut

Distributors:
**NATIONAL BOOK STALL**
Thiruvananthapuram Kollam Kottayam Alappuzha
Eranakulam (Marine Drive) Thrissur Palakkad Kozhikode
Kannur Kalpetta

**₹ 90/-**
S-185-1-1000-032017

# വൈദികപാരമ്പര്യവും സാമൂഹികൈക്യവും

**ലേഖനസമാഹാരം**

പ്രസാധനം:

**കെ. എ. രവീന്ദ്രൻ**

സമാഹരണം:

**കടവല്ലൂർ അന്യോന്യപരിഷത്ത്**

**വള്ളത്തോൾ വിദ്യാപീഠം**
**ശുകപുരം- 679 576**
വിതരണം
**നാഷണൽ ബുക്ക് സ്റ്റാൾ**
**കോട്ടയം- 686 001**

Scanned by CamScanner

## ഉള്ളടക്കം


പ്രസ്താവന/ Preface

ഋഗ്വേദകാലഘട്ടത്തിലെ സാമൂഹികജീവിതവും മാനവികതാബോധവും 9
ഡോ. പി.വി. രാമൻകുട്ടി

സാമൂഹികൈക്യചിന്ത ഉപനിഷത്തുകളിൽ 18
ഡോ. വി. വസന്തകുമാരി

സാമൂഹ്യനീതിബോധം ആദ്യകാലബൗദ്ധദർശനത്തിൽ 27
ഡോ. മിനി ടി.

സാമൂഹികമൂല്യങ്ങൾ അഥർവവേദത്തിൽ 34
ഡോ. സരിത മഹേശ്വരൻ

സ്ത്രീകളുടെ സാമൂഹികാവസ്ഥ ദക്ഷസ്മൃതിയിൽ 48
ഡോ. സുതഷി ആർ.

ഉപനിഷത്സിദ്ധാന്തങ്ങളെ ആധാരമാക്കിയുള്ള
വ്യക്തിത്വവികസനം വിവേകാനന്ദന്റെ കാഴ്ചപാടിൽ 52
ജഗദീഷ് ജെ.

വൈദികപാരമ്പര്യത്തിലെ ശാശ്വത-കാലികമൂല്യങ്ങൾ:
രങ്ഗനാഥാനന്ദസ്വാമിയുടെ വീക്ഷണങ്ങൾ 64
രേവതി ടി.ഐ.

ബ്രാഹ്മണഗ്രന്ഥങ്ങളിൽ പ്രതിഫലിക്കുന്ന
സാമൂഹ്യപരിസരം 69
കെ.എ. രവീന്ദ്രൻ

Creation Hymns of the Ṛgveda 76
Dr. M. Sivakumara Swami

ऋग्वदे ऐतिहासिकसूक्तानि 91
डा.निरञ्जन् बाबू


Scanned by CamScanner

# സാമൂഹ്യനീതിബോധം ആദ്യകാലബൗദ്ധദർശനത്തിൽ

ഡോ. മിനി ടി.

### ചരിത്രപശ്ചാത്തലം

ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ പ്രാചീനഗ്രന്ഥങ്ങൾ പലപ്പോഴും അവ രൂപംകൊണ്ടകാലത്തെ സാമൂഹികസ്ഥിതിയിലേക്ക് പ്രത്യക്ഷമായോ, പരോക്ഷമായോ വെളിച്ചം വീശുന്നുണ്ട്. വൈദികഗ്രന്ഥങ്ങളും ബുദ്ധദർശനത്തിന്റെ ആദ്യഗ്രന്ഥങ്ങളും ഇത്തരത്തിൽ പല സൂചനകളും നൽകുന്നവയാണ്. പുരാതനഇന്ത്യയിലെ രാഷ്ട്രവും സമ്പദ്ഘടനയും സമൂഹവും ശരിക്ക് രൂപംകൊണ്ടത് ബുദ്ധന്റെ കാലത്തായതിനാൽ ഈ കാലഘട്ടം (ബി. സി. ആറാംനൂറ്റാണ്ട്) വളരെ പ്രാധാന്യമുള്ളതാണ് എന്ന് ചരിത്രപണ്ഡിതനായ ആർ.എസ് ശർമ്മ അഭിപ്രായപ്പെടുന്നു. ഗോത്രഭരണസംവിധാനങ്ങൾ, ജനങ്ങളുടെ നിയന്ത്രണത്തിലുള്ള ഭരണരീതികൾ, രാജഭരണം, പുതിയ ജനപദങ്ങളുടേയും രാഷ്ട്രങ്ങളുടേയും രൂപീകരണം എന്നിങ്ങനെ വിഭിന്നമായ സാമൂഹ്യസാഹചര്യങ്ങൾ അക്കാലത്ത് ഭരണത്തിൽ നിലനിന്നിരുന്നു. മഗധ, കോസലം, അവന്തി എന്നിവ ശക്തമായ രാഷ്ട്രങ്ങളായിരുന്നു. ഉത്തരപൂർവ്വഭാഗത്തിൽ നിലനിന്നിരുന്ന സാമൂഹികാസമത്വങ്ങൾക്കെതിരെയുള്ള പ്രതികരണങ്ങളായിരുന്നു ബുദ്ധന്റെ വചനങ്ങൾ. ഭിക്ഷുക്കൾക്ക് നൽകിയിരുന്ന പെരുമാറ്റച്ചട്ടങ്ങൾ സ്വകാര്യസ്വത്തിനും ആഡംബരജീവിതത്തിനും നേരെ ബുദ്ധന്റെ നിലപാടുകൾ വ്യക്തമാക്കുന്നവയാണ്. അന്നത്തെ പ്രഭുക്കളുടെ ആഡംബരജീവിതത്തെ ഈ നിലപാടുകൾ പരോക്ഷമായി സൂചിപ്പിക്കുന്നു. എന്നാൽ നിലനിന്നിരുന്ന സാമൂഹികരീതികളുമായി ഒത്തുപോകലുകളും ഈ ധർമ്മചര്യയിൽ ഉണ്ടായിരുന്നു. കടക്കാർക്കും അടിമകൾക്കും സംഘത്തിൽ അംഗത്വം നൽകില്ല. മറ്റൊരാൾക്ക് നഷ്ടം വരുത്തി രക്ഷനേടാനുള്ള സ്ഥലമല്ല സംഘം. അതുപോലെത്തന്നെ സ്വതന്ത്രനായ ഒരാൾ ഇച്ഛാനുസരണം തിരഞ്ഞെടുക്കേണ്ട വഴിയാണ് സംഘത്തിന്റേത് എന്നതാണ് സംഘാംഗത്വത്തെ സംബന്ധിച്ചുള്ള നിയമങ്ങൾ. വർണ്ണനിഷ്ഠമായ അസമത്വത്തെ തള്ളിക്കളയുകയും സ്ത്രീകൾക്കും ശൂദ്രർക്കും സംഘത്തിൽ പ്രവേശനം നൽകുകയും ചെയ്തു. ഇത് അന്നത്തെ സമൂഹത്തിൽ വിപ്ലവകരമായ മുന്നേറ്റം ആയിരുന്നു. പക്ഷെ ഈ ഓരോ കാൽവയ്പിലും സമൂഹത്തിന്റെ തികച്ചും എതിരായ നിലപാടുകളോട് സംഭാഷണങ്ങളിലൂടെ പോരാടിയാണ് ബുദ്ധധർമ്മം മുന്നേറിയത്. വാദങ്ങളിലൂടെ, യുക്തിയുടെ

Scanned by CamScanner

# ബ്രാഹ്മണഗ്രന്ഥങ്ങളിൽ പ്രതിഫലിക്കുന്ന സാമൂഹ്യപരിസരം

**കെ.എ. രവീന്ദ്രൻ**

മന്ത്രങ്ങളും ബ്രാഹ്മണങ്ങളും കൂടിച്ചേർന്നത് വേദമെന്ന പേരിലറിയപ്പെടുന്നു (മന്ത്രബ്രാഹ്മണയോർവേദനാമധേയം-*ആപസ്തംബപരിഭാഷ*; മന്ത്രാശ്ച ബ്രാഹ്മണാശ്ചവേദഃ-ശബരസ്വാമി; മന്ത്രബ്രാഹ്മണാത്മകശബ്ദരാശിർവേദഃ-സായണൻ) എന്ന നിർവചനമനുസരിച്ച് രണ്ടുതരം ഗ്രന്ഥങ്ങളും ഒരുമിച്ച് പാഠ്യവിഷയമാക്കേണ്ടവയാണെന്ന് മനസ്സിലാകുന്നു. മന്ത്രങ്ങളുടെ അർഥവും യാഗാദികളിൽ അവയുടെ പ്രയോഗവും വിശദമാക്കുന്ന ഗ്രന്ഥങ്ങളാണ് ബ്രാഹ്മണങ്ങൾ എന്ന് അവയെ കൂടുതൽ നിർവചിക്കാം. (ബ്രാഹ്മണം നാമ കർമണഃ തന്മന്ത്രാണാം ച വ്യാഖ്യാനഗ്രന്ഥഃ-ഭട്ടഭാസ്കരമിശ്രൻ: *തൈത്തിരീയസംഹിതാവ്യാഖ്യാനം*). മൂലമന്ത്രങ്ങളുടെ സമാഹാരമായ സംഹിതയിൽ, യജ്ഞസംബന്ധമായ വിഷയങ്ങൾ ധാരാളം പരാമർശിയ്ക്കപ്പെട്ടുകാണാം. അത്തരം മന്ത്രങ്ങളുടെ അർഥചിന്തയും പ്രസ്തുതമന്ത്രങ്ങൾ ഉപയോഗിക്കേണ്ടുന്ന സന്ദർഭവും വിശദമായി ചർച്ചചെയ്യുന്ന ഗ്രന്ഥങ്ങളാണ് ബ്രാഹ്മണങ്ങൾ. കൂട്ടത്തിൽ, പ്രാചീനഗാഥകളും നിരുക്തികളും ദാർശനികചിന്തകളും സാമൂഹ്യ-സാംസ്കാരികരീത്യാ ഉള്ള വിശകലനങ്ങളും കാവ്യാത്മകതയും അവ ഉൾക്കൊള്ളുന്നതായി കാണാം. അതുകൊണ്ടുതന്നെ, പാരമ്പര്യത്തേയും വൈദികയജ്ഞാചാരങ്ങളേയും അടുത്തറിയാനുള്ള ഉപാധി എന്നതിനുമപ്പുറത്ത്, ഒരു സമൂഹത്തെ മുഴുവനായി അറിയാനുള്ള മാർഗ്ഗം എന്ന അവസ്ഥ, ബ്രാഹ്മണങ്ങളുടെ ജനകീയമായ സ്ഥാനം വർധിപ്പിക്കുന്നു, ഇവിടെ ഒരു ഉദ്ധരണി: "ഇവ യാഗത്തിന്റെ മരുഭൂമികളും കൊടുങ്കാറ്റുകളുമാണ്. നൂറുകണക്കിന് ദിവസങ്ങൾ രഥചാരം നടത്തിയാൽ മാത്രമേ ഇവയെ താണ്ടാനാകൂ. ഇവിടെ കിടക്കുന്ന അജ്ഞന്മാർ, ഗഹനവനാന്തരങ്ങളിൽ കുടുങ്ങിയ കാടറിയാത്തവർ വിശപ്പും ദാഹവും രക്ഷസ്സുകളുടെ ആക്രമണം കൊണ്ടെന്നപോലെ വലയും. വിദ്വാന്മാരാകട്ടെ, ഒരു വിശ്രമകേന്ദ്രത്തിൽ നിന്നും മറ്റൊന്നിലേക്ക്, ഒരു ദേവതയിൽ നിന്നും മറ്റൊരു ദേവതയിലേക്ക്, ഒരു നദിയിൽ നിന്നും മറ്റൊരു നദിയിലേക്ക് എന്നതുപോലെ സുഖമായി സംക്രമിക്കുകയും സ്വർഗ്ഗം നേടുകയും ചെയ്യുന്നു" (*ശതപഥബ്രാഹ്മണം*, 12.2.3.12 - മൊഴിമാറ്റം ഡോ. എൻ.കെ. സുന്ദരേശ്വരൻ, *ബ്രാഹ്മണങ്ങൾ ഒരു പഠനം*: പുറം. 4)

Scanned by CamScanner